# ആദ്യാക്ഷരത്തിന്റെ മാധുര്യവുമായി നിലത്തെഴുത്താശാത്തി

സുനിൽ.സി.എൻ.



തൃശ്ശൂർ: രാവിലെ 10 മണി. നാലു വയസ്സു പ്രായമുള്ള മുപ്പതോളം കുട്ടികൾ പഠിക്കാനെത്തിക്കഴിഞ്ഞു. കണ്ടും കേട്ടും പറഞ്ഞും അവർ എഴുതുകയാണ്. മലയാള അക്ഷരമാല, അക്കങ്ങൾ... ഉച്ചക്ക് 1 മണിക്കൂർ ഇടവേള. പിന്നെയും പഠനം 4 മണി വരെ. ഇടക്ക് കളിയുണ്ട്, പാട്ടുണ്ട്, നേരംപോക്കുകളുണ്ട്, വർത്തമാനങ്ങളുണ്ട്.

ഇത് ഏതെങ്കിലുമൊരു നേഴ്സറി സ്കൂളിലെ ഒരു ദിവസത്തെ വർണ്ണനയല്ല. ഇത് നടക്കുന്നത് ഒരു വീട്ടുമുറ്റത്താണ്. ഇവിടെ ബെഞ്ചോ ഡെസ്കോ ഇല്ല. ഉള്ളത് വെറും നിലം മാത്രം;പുസ്തകത്തിനും പേനക്കും പകരം മണലാണുള്ളത് ; ബ്ലാക്ബോർഡോ കമ്പ്യൂട്ടറോ അല്ല, കരിമ്പനോലയാണുള്ളത്; വിലയേറിയ കളിപ്പാട്ടങ്ങളില്ല. ജീവനുള്ള പൂച്ചക്കുട്ടികളും കിളികളുമൊക്കെയാണുള്ളത് ; ടീച്ചറോ ചൂരലോ ഇല്ല. പകരമുള്ളത് ഒരു ആശാത്തിയും അവരുടെ സ്നേഹമൂറുന്ന വാക്കുകളും മാത്രം.

ഇത് ഒരു അക്ഷരക്കളരി. നമ്മുടെ ഉറവകൾ ഇനിയും വറ്റിയിട്ടില്ലാത്ത ഒരു ഗ്രാമത്തിൽ കാലത്തിന് പിടികൊടുക്കാതെ ഇനിയും ബാക്കിനിൽക്കുന്ന വിദ്യാപീഠം.

തൃശ്ശൂർ ജില്ലയിൽ മാടക്കത്തറ പഞ്ചായത്തിലെ കട്ടിലപ്പൂവത്താണ് ഒരു നിലത്തെഴുത്താശാത്തിയും അവരുടെ കളരിയും നിലനിൽക്കുന്നത്. പഞ്ചായത്തിൽ നഴ്സറി സ്കൂളുണ്ടെങ്കിലും അറിവിന്റെ ആദ്യാക്ഷരം കുറിക്കാൻ ഭൂരിഭാഗവും ഇന്നും അമ്പലത്തിങ്കൽ സരോജിനി എന്ന ഈ ആശാത്തിയുടെ കളരി തേടിയെത്തുന്നു.

വിദ്യാരംഭത്തിനാണ് കളരിയിൽ അധ്യയനം ആരംഭിക്കുന്നത്. കേവലമൊരു ചടങ്ങല്ല ഇവിടെ വിദ്യാരംഭം. ഹരിശ്രീ കുറിക്കുന്ന കുട്ടികൾ ബാലപാഠങ്ങൾ ഹൃദിസ്ഥമാക്കിയിട്ടേ ആശാത്തിയെ വിട്ടുപോകുന്നുള്ളൂ. അക്ഷരം, പെരുക്കം, ചില്ലക്ഷരം എന്നിവയും അക്കങ്ങളും ഇവിടെ പഠിപ്പിക്കുന്നു. നാലോ അഞ്ചോ മാസം ഈ കുട്ടികൾ കളരിയിലുണ്ടാകും. ആശാത്തി ഓലയിൽ എഴുതിക്കൊടുക്കുന്ന അക്ഷരങ്ങൾ കുട്ടികൾ മണലിൽ എഴുതി പഠിക്കുന്നു. ഉച്ചാരണശുദ്ധിയോടെ അക്ഷരാഭ്യാസം നടത്തുന്ന ഇവർക്ക് അക്ഷരങ്ങൾ ഉറച്ചു എന്നുതോന്നുമ്പോൾ ആശാത്തി കുട്ടികളുടെ വീട്ടുകാരെ വിവരമറിയിക്കും. 'ഓലവരക്കൽ' അഥവാ 'ചിന്നം വരക്കൽ'എന്ന ചടങ്ങോടെ അവരുടെ കളരിയിലെ വിദ്യാഭ്യാസം പൂർത്തിയാകും.

ഏറെ പ്രാധാന്യമുള്ളതാണ് ഓലവരക്കൽ എന്ന ചടങ്ങ്. ഓലവരക്കാനുള്ള കുട്ടികൾ വീട്ടുകാരോടൊപ്പം അവിൽ, മലർ, ശർക്കര, നാളികേരം എന്നിവയുമായി എത്തും. ഗണപതിക്കു വയ്ക്കുക എന്ന ചടങ്ങിനു ശേഷം പഠിച്ചിടത്തോളം പാഠങ്ങൾ കുട്ടികൾ മണലിൽ കാണാതെ എഴുതും. പിന്നെ ആശാത്തി നാരായം പിടിച്ച് ഓലയിൽ എഴുതിക്കും. ആ ഓല കുട്ടികൾക്ക് കൊടുത്തുവിടുകയും ചെയ്യും-സർട്ടിഫിക്കറ്റ് എന്നപോലെ.

തൃശ്ശൂർ താലൂക്കിൽ അവശേഷിക്കുന്ന ഏക അക്ഷരക്കളരിയാണിത്. സംസ്ഥാന തലത്തിൽ തന്നെ വിരലിലെണ്ണാവുന്നവർ മാത്രമേ ഇപ്പോൾ ഈ രംഗത്തുള്ളൂ. ചേർത്തല ആസ്ഥാനമായി ഇവരുടെ അസോസിയേഷൻ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ നിന്നും മാസം 100രൂപ ഇവർക്ക് ഗ്രാൻഡായി നൽകുന്നു.

പണിക്കർ സമുദായത്തിൽപ്പെട്ട തന്റെ ഈ കുലത്തൊഴിലിൽ 9 വയസ്സു മുതൽ താൻ ഏർപ്പെട്ടുവരുന്നതായി 65 വയസ്സുള്ള സരോജിനി ആശാത്തി പറയുന്നു. കോതമംഗലം സ്വദേശിയായ ഇവർ വിവാഹശേഷം 45 വർഷമായി കട്ടിലപ്പൂവത്ത് കളരി നടത്തുന്നു. ജാതിമതഭേദമില്ലാതെ ഇവിടത്തെ ചെറുപ്പക്കാരിലേറെയും തന്റെ കളരിയിൽ നിന്നാണ് അറിവിന്റെ ലോകത്തേക്ക് പ്രവേശിച്ചതെന്ന് ആശാത്തി അഭിമാനത്തോടെ പറയുന്നു. വിവാഹവേളയിലും മറ്റും ഒട്ടേറെപ്പേർ ആശാത്തിയുടെ അനുഗ്രഹം തേടിയെത്താറുണ്ട്.

വിദ്യാരംഭനാളിൽ കേവലമൊരു ചടങ്ങായി ക്ഷേത്രങ്ങളിലും മറ്റു സ്ഥാപനങ്ങളിലും ആരൊക്കെയോ നടത്തുന്ന 'അഭ്യാസ'മായി ആദ്യാക്ഷരം കുറിക്കൽ മാറുന്ന ഇക്കാലത്ത് വിദ്യാരംഭനാളിനപ്പുറത്തേക്ക് വിദ്യാഭ്യാസം നീട്ടുന്ന ആശാത്തിയും അവരുടെ കളരിയും മാതൃകയാകുകയാണ്.